ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. **ഇറ്റലിയിൽ നടക്കുന്ന ജി 7 ഔട്ട് റീച്ച് ഉച്ചകോടിയിൽ പങ്കെടുത്ത് പ്രധാനമന്ത്രി നരേന്ദ്രമോദി; ലോക നേതാക്കളുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ചകൾ നടത്തി**

   **Prime Minister Narendra Modi attended the G7 Outreach Summit in Italy; Prime Minister held bilateral talks with world leaders**

2. **കുവൈറ്റ് അഗ്നിബാധ ദുരന്തത്തിൽ ജീവൻ നഷ്ടമായ മലയാളികൾക്ക് അന്ത്യാഞ്ജലി അർപ്പിച്ച് കേരളം; ഭൗതികശരീരങ്ങൾ വേഗത്തിലെത്തിക്കാൻ കേന്ദ്രസർക്കാർ ഫലപ്രദമായ നടപടി കൈക്കൊണ്ടതായി മുഖ്യമന്ത്രി പിണറായി വിജയൻ**

   **Kerala pays tribute to the Malayalees who lost their lives in the Kuwait fire disaster; Chief Minister Pinarayi Vijayan has said that the central government has taken effective steps to bring back the bodies quickly.**

3. **നീറ്റ് പരീക്ഷക്രമക്കേടുകൾ സംബന്ധിച്ച് സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജിയിൽ കേന്ദ്രസർക്കാരിനോടും നാഷണൽ ടെസ്റ്റിംഗ് ഏജൻസിയോടും പ്രതികരണം തേടി സുപ്രീം കോടതി**

   **The Supreme Court today sought responses from the Centre and the National Testing Agency on a plea seeking a CBI probe into NEET examination irregularities**

4. **ലോക കേരള സഭയുടെ നാലാം പതിപ്പിന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു; നവകേരള നിർമ്മിതിയാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി**

   **Chief Minister Pinarayi Vijayan inaugurated the fourth edition of the Lok Kerala Sabha in Thiruvananthapuram; The chief minister said that the government's goal is to build a new Kerala**

5. **യൂറോ കപ്പ് ഫുട്ബോളിന് ഇന്ന് അർധരാത്രി തുടക്കമാകും; ആദ്യമത്സരത്തിൽ ജർമനി സ്കോട്ലൻറിനെ നേരിടും**

   **Euro Cup football will kicks start today at midnight; Germany will face Scotland in the first match.**

**&&&&&&&&&&&&&&&&&&**

## PM BILATERALS INTRO

ഇറ്റലിയിലെ അപുലിയയിൽ നടക്കുന്ന ജി 7 ഔട്ട്റീച്ച് ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ലോക നേതാക്കളുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുടെ ക്ഷണപ്രകാരമാണ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി ഇന്നലെ ഇറ്റലിയിൽ എത്തിയത്.

***വിശദാംശങ്ങളിലേക്ക്.............***

***വോയിസ്***

**&&&&&&&&&&&&&&&&&&**

## PM BILATERALS VOICE

പ്രധാനമന്ത്രി ശ്രീ മോദി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി ഇന്ന് ഉച്ചക്ക് കൂടിക്കാഴ്ച നടത്തി. പ്രതിരോധം, ആണവമേഖല , ബഹിരാകാശം, വിദ്യാഭ്യാസം, കാലാവസ്ഥാ, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ, തുടങ്ങി വിവിധ മേഖലകളിലെ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. 'മേക്ക് ഇൻ ഇന്ത്യ'എന്ന ആശയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് തന്ത്രപ്രധാനമായ പ്രതിരോധ സഹകരണം കൂടുതൽ ശക്തമാക്കാൻ ഇരു നേതാക്കളും തീരുമാനിച്ചു. അടുത്ത വർഷം ഫ്രാൻസ് ആതിഥേയത്വം വഹിക്കുന്ന AI ഉച്ചകോടിയുടെയും ഐക്യരാഷ്ട്രസഭയുടെ സമുദ്ര സമ്മേളനത്തിന്റെയും പശ്ചാത്തലത്തിൽ നിർമ്മിത ബുദ്ധി ,ആധുനിക സാങ്കേതികവിദ്യകൾ, ഊർജ്ജം, കായികം എന്നീ മേഖലകളിലുള്ള സഹകരണം വിപുലീകരിക്കാനും തീരുമാനമായി. വരാനിരിക്കുന്ന പാരീസ് ഒളിമ്പിക്സിന്റെയും പാരാലിമ്പിക്സിന്റെയും സുഗമമായ നടത്തിപ്പിന് ശ്രീ മോദി, പ്രസിഡന്റ് മാക്രോണിന് ആശംസകൾ നേർന്നു. യുകെ പ്രധാനമന്ത്രി ഋഷി സുനക്കുമായും ശ്രീ നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. യുക്രൈൻ പ്രസിഡൻറ് വൊളോഡിമർ സെലൻസ്കിയുമായും പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തി. യുക്രൈനിലെ സ്ഥിതിഗതികൾ ഇരു നേതാക്കളും വിലയിരുത്തി. ജി 7 നേതാക്കൾ, ഔട്ട്റീച്ച് രാജ്യങ്ങളിലെ നേതാക്കൾ, അന്താരാഷ്ട്ര സംഘടനകൾ എന്നിവരുമായി പ്രധാനമന്ത്രി

നരേന്ദ്ര മോദി ഉഭയകക്ഷി യോഗങ്ങളും ചർച്ചകളും നടത്തും. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുടെ ക്ഷണപ്രകാരമാണ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി ഇന്നലെ ഇറ്റലിയിലെ അപുലിയയിൽ എത്തിയത്.

ന്യൂസ് ഡസ്ക് ആകാശവാണി......

&&&&&&&&&&&&&&&&&&

## KUWAIT KERALA

കുവൈറ്റിൽ മരിച്ച മലയാളികൾക്ക് അന്ത്യാഞ്ജലി അർപ്പിച്ച് കേരളം. കൊച്ചി വിമാനത്താവളത്തിൽ എത്തിച്ച ഭൗതികദേഹങ്ങളിൽ മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സഹമന്ത്രിമാരായ കീർത്തി വർദ്ധൻ സിങ്, സുരേഷ്ഗോപി, സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷ നേതാവ് തുടങ്ങിയ പ്രമുഖർ ആദരാഞ്ജലികൾ അർപ്പിച്ചു.

ആദരസൂചകമായി ഗാർഡ് ഓഫ് ഓണർ നൽകിയ ശേഷമാണ് മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറിയത് . തുടർന്ന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ആംബുലൻസുകളിൽ മൃതദേഹങ്ങൾ വീടുകളിലേക്ക് കൊണ്ടുപോയി. 23 മലയാളികളെ കൂടാതെ ഏഴ് തമിഴ്നാട് സ്വദേശികളുടെയും, കർണാടകയിൽനിന്നുള്ള ഒരു വ്യക്തിയുടെയും

ഭൗതികശരീരങ്ങളാണ് ഇന്ന് രാവിലെ 11.30 ഓടെ കൊച്ചി വിമാനത്താവളത്തിൽ ഏറ്റുവാങ്ങിയത്. കുവൈറ്റ് ദുരന്തത്തിൽ മരിച്ച 45 പേരുടെ ഭൗതികശരീരങ്ങളാണ് പ്രത്യേക വ്യോമസേന വിമാനത്തിൽ ഇന്ന് രാജ്യത്ത് മടക്കി എത്തിച്ചത്.

&&&&&&&&&&&&&&&&&&

## KERALA CM

കുവൈറ്റിൽ നടന്ന അപകടത്തിൽ മരിച്ചവരുടെ മൃതദേഹങ്ങൾ വേഗത്തിൽ നാട്ടിലെത്തിക്കുന്നതിന് കുവൈറ്റ് അധികൃതരുമായി ഏകോപിപ്പിച്ച് കേന്ദ്രസർക്കാർ നടത്തിയ ശ്രമങ്ങളെ കേരള മുഖ്യമന്ത്രി പിണറായി വിജയൻ അഭിനന്ദിച്ചു.വിദേശ ഇന്ത്യക്കാർ ഇപ്പോൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ഘട്ടത്തിൽ കേന്ദ്ര സർക്കാർ ഫലപ്രദമായി ഇടപെട്ടതായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ മാധ്യമങ്ങളോട് സംസാരിക്കവെ അദ്ദേഹം അഭിപ്രായപ്പെട്ടു. . മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ കുവൈത്ത് സർക്കാർ സ്വീകരിക്കുമെന്നും അതിനായി കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും വേഗത്തിലുള്ള ഇടപെടലുകൾ ഉണ്ടാകുമെന്നും മുഖ്യമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&

## UP KUWAIT DEATHS

കുവൈറ്റ് തീപിടിത്തത്തിൽ മരിച്ച ഉത്തർപ്രദേശിൽ നിന്നുള്ള 3 പേരുടെ മൃതദേഹങ്ങൾ നാളെ ജൻമസ്ഥലത്ത് എത്തിക്കും. ഇന്ന് വൈകിട്ട് ഡൽഹിയിലെത്തിക്കുന്ന മൃതദേഹങ്ങൾ നാളെ രാവിലെ വാരാണസിയിലേക്ക് കൊണ്ടുപോകുമെന്ന് അധികൃതർ അറിയിച്ചു. തുടർന്ന് മൃതദേഹങ്ങൾ മരണമടഞ്ഞവരുടെ വീടുകളിലെത്തിക്കും.

&&&&&&&&&&&&&&&&&&

## SC-NEET

നീറ്റ്-യുജി പരീക്ഷയിലെ ചോദ്യപേപ്പർ ചോർച്ചയും ക്രമക്കേടുകളും സംബന്ധിച്ച് സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജിയിൽ സുപ്രീം കോടതി ഇന്ന് കേന്ദ്രസർക്കാരിനോടും നാഷണൽ ടെസ്റ്റിംഗ് ഏജൻസിയോടും പ്രതികരണം തേടി. വിഷയത്തിൽ പൊതുതാൽപര്യ ഹർജി പരിഗണിക്കവേ ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരടങ്ങുന്ന അവധിക്കാല ബെഞ്ച്, സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷനോടും ബീഹാർ സർക്കാരിനോടും രണ്ടാഴ്ചയ്ക്കകം പ്രതികരണം അറിയിക്കാൻ ആവശ്യപ്പെട്ടു. എല്ലാ പൊതുതാൽപര്യ ഹർജികളും ജൂലൈ എട്ടിന് പരിഗണിക്കുമെന്നും കോടതി

പറഞ്ഞു. അതേസമയം ഹർജികളുടെ ആധിക്യം ഒഴിവാക്കാൻ, നീറ്റ്-യുജി വിഷയത്തിൽ വിവിധ ഹൈക്കോടതികളിൽ ഫയൽ ചെയ്തിട്ടുള്ള കേസുകൾ സുപ്രീം കോടതിയിലേക്ക് മാറ്റണമെന്ന നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ ഹർജിയിൽ സ്വകാര്യ കക്ഷികൾക്ക് സുപ്രീം കോടതി നോട്ടീസ് അയച്ചു.

&&&&&&&&&&&&&&&&&&

## PRADHAN- NEET

നീറ്റ് പരീക്ഷാർഥികളുടെ താൽപര്യം സംരക്ഷിക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. വിദ്യാർത്ഥികളുടെ ആശങ്കകൾക്ക് ഉചിതമായ പരിഹാരം കാണുമെന്ന് കേന്ദ്രമന്ത്രി ഉറപ്പുനൽകി. സുപ്രീം കോടതിയുടെ നിർദേശപ്രകാരം വിദ്യാർത്ഥികളുടെ ക്ഷേമത്തിനായുള്ള നടപടികൾ സ്വീകരിക്കുമെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. നീറ്റിന്റെ കൗൺസിലിംഗ് നടപടികൾ ഉടൻ ആരംഭിക്കുമെന്നും ശ്രീ ധർമേന്ദ്രപ്രധാൻ അറിയിച്ചു. നീറ്റ് പരീക്ഷാ വിവാദം അന്വേഷിക്കണമെന്ന് വിദ്യാർത്ഥികൾ ആവശ്യപ്പെട്ടതിന് പിന്നാലെയാണ് അദ്ദേഹത്തിന്റെ പ്രതികരണം.

&&&&&&&&&&&&&&&&&&

## KHARGE-NEET

അതേസമയം നീറ്റ് പരീക്ഷ വിഷയത്തിൽ കേന്ദ്ര സർക്കാരിനെതിരെ രൂക്ഷ വിമർശനവുമായി കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ രംഗത്തെത്തി. സർക്കാർ ദേശീയ ടെസ്റ്റിംഗ് ഏജൻസിയെ ദുരുപയോഗം ചെയ്ത് മാർക്കുകളിലും റാങ്കുകളിലും വൻതോതിൽ കൃത്രിമം നടത്തിയതായി ശ്രീ ഖാർഗെ ആരോപിച്ചു.

&&&&&&&&&&&&&&&&&&

## LOKA KERALA SABHA

ലോക കേരള സഭയുടെ നാലാം പതിപ്പിന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് മുഖ്യമന്ത്രി നിർവഹിച്ചു. നവകേരള നിർമ്മിതിയാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കുവൈറ്റ് ദുരന്തത്തിൽ മരണമടഞ്ഞ പ്രവാസികളുടെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ടാണ ് മുഖ്യമന്ത്രി സമ്മേളനത്തിന് തുടക്കം കുറിച്ചത്. പ്രവാസി ക്ഷേമം സംബന്ധിച്ച ചർച്ചകൾക്കുള്ള വേദിയാണ് ലോക കേരള സഭയെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## CRIMINAL LAW

പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഏകീകൃതമാക്കുന്നതിൻറെ ഭാഗമായി ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ എൻസിആർബി സംഗലൻ ഓഫ്

ക്രിമിനൽ ലോസ് എന്ന മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി. ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ ആപ്പ് സ്റ്റോറിലും ആപ്ലിക്കേഷൻ ലഭ്യമാകും. പുതിയ ക്രിമിനൽ നിയമങ്ങളായ ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നിവ അടുത്ത മാസം ഒന്നു മുതലാണ് പ്രാബല്യത്തിൽ വരുന്നത്.

&&&&&&&&&&&&&&&&&&

## SPECIAL CELL – DRUG BUST

ഡൽഹിയിൽ അന്താരാഷ്ട്ര മയക്കുമരുന്ന് സംഘത്തിൽ നിന്ന് സ്പെഷ്യൽ സെൽ 20 കോടി രൂപയുടെ അനധികൃത മയക്കുമരുന്ന് പിടികൂടി. സംഘത്തിലെ രണ്ട് പ്രധാന അംഗങ്ങളെ അറസ്റ്റ് ചെയ്തതായും പിടിയിലായത് നൈജീരിയ, ഐവറി കോസ്റ്റ് എന്നിവിടങ്ങളിൽ നിന്നുള്ളവരാണെന്നും സ്പെഷ്യൽ സെൽ പ്രസ്താവനയിൽ പറഞ്ഞു. സാധുതയുള്ള യാത്രാരേഖകൾ ഇല്ലാതെയാണ് ഇവർ ഇന്ത്യയിൽ അനധികൃതമായി താമസിച്ചിരുന്നതെന്നും മയക്കുമരുന്ന് സംഘത്തിലെ ശേഷിക്കുന്നവരെ കണ്ടെത്തി അറസ്റ്റ് ചെയ്യാനുള്ള ശ്രമം തുടരുകയാണെന്നും അധികൃതർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## EURO CUP

യൂറോ കപ്പ് ഫുട്ബോൾ മത്സരങ്ങൾക്ക് ഇന്ന് അർദ്ധരാത്രി 12.30ന് തുടക്കമാകും. ഒരു മാസം നീണ്ടു നിൽക്കുന്ന ആവേശപോരാട്ടങ്ങൾക്കാണ് ജർമ്മനി വേദിയാകുക. മ്യൂണിലെ ഫുട്ബോൾ അരീനയിൽ ആതിഥേയരായ ജർമനിയും സ്കോട്ട്ലൻഡും ഏറ്റുമുട്ടുന്നതോടെയാണ് പോരാട്ടങ്ങൾക്ക് തുടക്കമാകുന്നത്.

&&&&&&&&&&&&&&&&&&

## T-20 WORLD CUP

ഐസിസി 20-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് യു.എസ്.എ, അയർലണ്ടിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിയ്ക്കാണ് മത്സരം. ഇന്ന് രാവിലെ നടന്ന മത്സരത്തിൽ ഒമാനെ എട്ട് വിക്കറ്റിന് തോൽപ്പിച്ച് സൂപ്പർ എട്ടിലെത്താനുള്ള പ്രതീക്ഷകൾ ഇംഗ്ലണ്ട് സജീവമാക്കി. ഇന്ന് നടന്ന മറ്റൊരു മത്സരത്തിൽ അഫ്ഗാനിസ്ഥാൻ, പാപ്പുവ ന്യൂഗിനിയെ 7 വിക്കറ്റിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

## STOCK

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം .ബോംബെ ഓഹരി സൂചിക സെൻസെക്സ് 182 പോയിൻറ് ഉയർന്ന് 76,993 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 67 പോയിൻ്റ് നേട്ടത്തിൽ 23,466 ലും വ്യാപാരം അവസാനിപ്പിച്ചു.

&&&&&&&&&&&&&&&&&&&

## KEJRIWAL-BAIL

മദ്യനയ അഴിമതി കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിൻ്റെ ജാമ്യാപേക്ഷ ജൂൺ 19 ന് പരിഗണിക്കാൻ ഡൽഹി കോടതി തീരുമാനം . വിഷയത്തിൽ മറുപടി നൽകാൻ ഇഡി സമയം ആവശ്യപ്പെട്ടതിനെ തുടർന്നാണ് അഡീഷണൽ സെഷൻസ് ജഡ്ജി മുകേഷ് കുമാർ കേസ് പരിഗണിക്കുന്നത് ഈ മാസം 19 ലേക്ക് മാറ്റിയത്. അതേസമയം, മെഡിക്കൽ ബോർഡിൻ്റെ നടപടികളിൽ വീഡിയോ കോൺഫറൻസിലൂടെ പങ്കെടുക്കാൻ തൻറെ ഭാര്യയെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കെജ്‌രിവാൾ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് കോടതി ശനിയാഴ്ചത്തേക്ക് മാറ്റി.

&&&&&&&&&&&&&&&&&&&

## MIFF-CHENNAI

മുംബൈ രാജ്യാന്തര ചലച്ചിത്രമേള നാളെ മുതൽ 21 വരെ ചെന്നൈയിൽ നടക്കും. ആദ്യമായാണ് ചെന്നൈ, കൽക്കട്ട, ഡൽഹി, പൂനെ എന്നിവിടങ്ങളിൽ മേള സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികളുടെയും സിനിമാ പ്രേമികളുടെയും സിനിമകൾക്ക് കൂടുതൽ ഇടം നൽകി തുടക്കക്കാർക്ക് വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് മേള് സംഘടിപ്പിക്കുന്നതെന്ന് ദേശീയ ചലച്ചിത്ര വികസന

കോർപ്പറേഷന്റെ മേഖലാ മേധാവി രോഹിണി ഗൗതമൻ ആകാശവാണിയോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM YOGA DAY

അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി ത്രികോണാസനവുമായി ബന്ധപ്പെട്ട വീഡിയോ സമൂഹ മാധ്യമത്തിൽ പങ്കുവച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ത്രികോണാസനത്തിൻറെ ആരോഗ്യപരമായ ഗുണങ്ങളും, അത് ചെയ്യേണ്ട രീതിയും വീഡിയോയിൽ വ്യക്തമാക്കിയിട്ടുണ്ട്. ജൂൺ 21 ആണ് അന്താരാഷ്ട്ര യോഗ ദിനം .

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&